**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ഹെഡ് ക്ലർക്കുമാരെ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് താൽക്കാലിക സ്ഥാനകയറ്റം നൽകി നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ) നം. 3215/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 05.10.2017

---

പരാമർശം:- 1 സ.ഉ.(കൈ) നം.89/2017/തസ്വഭവ തീയതി 28.04.2017

2 സ.ഉ.(സാധാ) നം.2430/2017/തസ്വഭവ തീയതി 17.07.2017

3 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 26.07.2017 ലെ എ 1/1002/2013/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

മിനിസ്റ്റീരിയൽ തസ്തികകളിൽ സൂപ്പർവൈസറി തസ്തികകളുടെ അഭാവമുണ്ടായിരുന്ന തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്, പരാമർശം(1)ലെ ഉത്തരവ് പ്രകാരം മിനിസ്റ്റീരിയൽ വിഭാഗത്തിനായി ജൂനിയർ സൂപ്രണ്ടിന്റെ നാലും ഹെഡ് ക്ലർക്കിന്റെ 22 ഉം അടക്കം മൊത്തം 31 പുതിയ സൂപ്പർവൈസറി തസ്തികകൾ അനുവദിച്ച് കേഡർ രൂപീകരിക്കുകയുണ്ടായി. എന്നാൽ പുതുതായി സൃഷ്ടിച്ച നാല് ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനകയറ്റം നൽകാൻ സാങ്കേതികമായി കഴിയാത്ത അവസ്ഥയുള്ളതായി കണ്ടെത്തിയതിനെത്തുടർന്ന് വകുപ്പിലെ സീനിയർമോസ്റ്റായ നാല് ഹെഡ് ക്ലർക്കുമാർക്ക്, താൽക്കാലിക പ്രൊമോഷൻ നടത്തുന്നതിനുള്ള വിലക്കിൽ ഇളവുവരുത്തി, ഫീഡർ കാറ്റഗറിയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്ന തീയതി മുതലേ താൽക്കാലിക പ്രൊമോഷൻ ലഭിക്കുന്ന തസ്തികയിൽ റെഗുലറൈസേഷന് അർഹതയുണ്ടായിരിക്കുകയുള്ളു എന്ന വ്യവസ്ഥയിൽ കെ.എസ് & എസ്.എസ്.ആർ, ഭാഗം II, ചട്ടം 31(a)(i) പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് താൽക്കാലിക സ്ഥാനകയറ്റം നൽകി നിയമിക്കുന്നതിന് തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർക്ക് പരാമർശം (2) പ്രകാരം അനുമതി നൽകിയിരുന്നു.

എന്നാൽ, നിലവിൽ തൃശ്ശൂർ, കോഴിക്കോട് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ സേവനകാലയളവ് പൂർത്തിയാക്കി വിരമിച്ച ഓരോ ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ ഒഴിവുണ്ട് എന്നും പുതുതായി അനുവദിച്ച സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് ഡി.പി.സി നടപടികൾ പൂർത്തീകരിച്ച് സെലക്ട് ലിസ്റ്റ് തെരഞ്ഞെടുത്ത് ഗസ്റ്റഡിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ് എന്നും ആയതിനാൽ ടി മൂന്ന്

ജൂനിയർ സൂപ്രണ്ട് തസ്തികകളുടെ ഒഴിവുകളിലേക്ക് കൂടി പരാമർശം(2) ഉത്തരവിന് സമാനമായി താൽക്കാലിക സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ചീഫ് എഞ്ചിനീയർ പരാമർശം(3) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സൂപ്പർവൈസറി തസ്തികയായ ജൂനിയർ സൂപ്രണ്ട് തസ്തികയുടെ അഭാവം വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാക്കാനിടയുണ്ട് എന്ന് വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ മൂന്ന് ഒഴിവുകളിലേക്ക്, താൽക്കാലിക പ്രൊമോഷൻ നടത്തുന്നതിനുള്ള വിലക്കിൽ ഇളവുവരുത്തി, ഫീഡർ കാറ്റഗറിയിൽ പ്രൊമോഷൻ ഡിക്ലയർ ചെയ്യുന്ന തീയതി മുതലേ താൽക്കാലിക പ്രൊമോഷൻ ലഭിക്കുന്ന തസ്തികയിൽ റെഗുലറൈസേഷന് അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന വ്യവസ്ഥയിൽ കെ.എസ്& എസ്.എസ്.ആർ ഭാഗം II, ചട്ടം 31(a)(i) പ്രകാരം തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വകുപ്പിലെ സീനിയർമോസ്റ്റായ 3 ഹെഡ് ക്ലർക്കുമാരെ താൽക്കാലിക സ്ഥാനകയറ്റം നൽകി നിയമിക്കുന്നതിന് തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകല. സി.എസ്**
ഡെപ്യൂട്ടി സെക്രട്ടറി

1. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ
3. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
4. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
5. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ